പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.156 — 05.12.2018 ൽ മറുപടിയ്ക്ക്

സപ്ലൈകോ നടത്തിവരുന്ന മാർക്കറ്റ് ഇടപെടൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. കെ. ശശീന്ദ്രൻ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. പി.ഉണ്ണി<br>ശ്രീ. ആർ. രാജേഷ് | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ നയത്തിന്റെ ഫലമായുണ്ടാകുന്ന അനിയന്ത്രിതമായ ഇന്ധന വിലവർദ്ധനവ് അവശ്യവസ്തുക്കളുടെ വിലവർദ്ധനവിന് വഴിവയ്ക്കാതിരിക്കാനായി സപ്ലൈകോ നടത്തിവരുന്ന മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | സപ്ലൈകോയുടെ കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി വഴി 14 ഇനം അവശ്യ ഭക്ഷ്യ വസ്തുക്കൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യഭക്ഷ്യവസ്തുക്കൾ പൊതുവിപണിയേക്കാൾ 10 മുതൽ 20% വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. സപ്ലൈകോയുടെ സ്വന്തം 'ശബരി' ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റു ബ്രാൻഡഡ് കമ്പനികളുടെ എഫ്.എം.സി.ജി ഉൽപ്പന്നങ്ങൾ എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വില്പന നടത്തുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി മുൻവർഷം അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ഉത്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വില്പന നടത്തുകയും ചെയ്തിട്ടുണ്ട്. ക്രിയാത്മകമായ രീതിയിൽ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ സീസണുകളിൽ പ്രത്യേക ഉത്സവചന്തകൾ സംഘടിപ്പിച്ച് അവശ്യസാധനങ്ങളുടെ വിലവർദ്ധന നിയന്ത്രിച്ച് വരുന്നു. |
| (ബി) | നെൽകൃഷിയിലുണ്ടായ വ്യാപകമായ നാശം മാർക്കറ്റിൽ അരിവിലയുടെ വർദ്ധനവിന് കാരണമാകാതിരിക്കാൻ സപ്ലൈകോ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | (ബി) | അരിയുടെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വിൽപ്പനശാലകളിലൂടെ 30 മുതൽ 42 ശതമാനം വരെ വിലക്കുറവിൽ, സബ്സിഡി നിരക്കിൽ ജയ അരി, കുറുവ അരി, പച്ചരി, മട്ടയരി മുതലായവയും അതോടൊപ്പം പൊതുവിപണിയിലേതിനേക്കാൾ വിലകുറച്ച് എല്ലാ ഇനം അരികളും സബ്സിഡി ഇല്ലാതെയും അളവ് |

| | | | |
|---|---|---|---|
| | നെല്ല സംഭരണം കാര്യക്ഷമ മാക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | | നിയന്ത്രണമില്ലാതെയും വിൽപ്പന നടത്തിവരുന്നു. ഓയിൽ പാം ഇൻഡ്യ നിയന്ത്രണത്തിലുള്ള 2 മോഡേൺ റൈസ് മില്ലുകൾ ഉത്പാദിപ്പിക്കുന്ന നല്ലയിനം കുത്തരി കുറഞ്ഞ വിലയ്ക്ക് സപ്ലൈകോ വിപണനശാലകൾ വഴി വിതരണം ചെയ്യുന്നുണ്ട്. കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം 14 ജില്ലകളിൽ നിന്നും നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി പൊതു വിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നു. കർഷകർക്ക് നെല്ലിന്റെ വില സമയബന്ധിതമായി ലഭ്യമാക്കുവാൻ പി.ആർ.എസ്.(പാഡി റസീപ്റ്റ് ഷീറ്റ്) ലോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സംസ്ഥാനത്തെ 15 ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. നിലവിൽ 25.30 രൂപ/ കി.ഗ്രാം നിരക്കിൽ സംഭരണവില നൽകുന്നു. |
| (സി) | പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ ; അതിന്റെയടി സ്ഥാനത്തിൽ അവശ്യവസ്തു ക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വില പിടിച്ചുനിർത്തുന്നതിനും നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | (സി) | പൊതുവിപണിയിലെ അവശ്യ ഭക്ഷ്യ സാധനങ്ങളുടെ വില നേരത്തെയുള്ള വിലകളുമായി താരതമ്യം ചെയ്ത് വിലക്കയറ്റം തടയാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് പ്രൈസ് മോണിറ്ററിംഗ് സെൽ നിർദ്ദേശം നൽകുന്നു. വില നിലവാരം നിരീക്ഷിക്കുകയും വിലക്കയറ്റം നിയന്ത്രിക്കുന്നതിന് കേരഫെഡ്, ഹോർട്ടികോർപ്പ് മുതലായവയ്ക്ക് നിർദ്ദേശം നൽകുകയും വിലക്കയറ്റം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ഉപദേശം നൽകുകയും ചെയ്യുക വഴി അവശ്യ വസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുന്നതിനും വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനും പ്രൈസ് മോണിറ്ററിംഗ് സെല്ലിന് സാധിക്കുന്നു. |
| (ഡി) | ഹോട്ടൽ ഭക്ഷണത്തിന് അമിത വില ഈടാക്കുന്നത് തടയാൻ നടപടിയെടുക്കുമോ? | (ഡി) | ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്ക വിധം പ്രദർശിപ്പിച്ചിട്ടുണ്ടോ എന്ന് അറിയാൻ ഹോട്ടലുകൾ പരിശോധിക്കുകയും വില വിവര പട്ടിക പ്രദർശിപ്പിക്കാതെ നിയമ ലംഘനം നടത്തുന്നവർ ക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു. കൂടാതെ ശബരിമല മണ്ഡല മകരവിളക്ക് കാലത്തു മുഴുവൻ ശബരിമല, പമ്പ, ഇടത്താവളങ്ങൾ, റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് പരിസരങ്ങൾ എന്നിവിടങ്ങളിൽ 6 ഭാഷയിലും ഹോട്ടലുകളിൽ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നതിന് പ്രത്യേക നിർദ്ദേശം നല്കി അതും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ